**മധുരമായ കുട്ടികളേ- ഈ പുരുഷോത്തമ സംഗമയുഗത്തിൽ പുരുഷോത്തമ നായി മാറുന്നതിനുള്ള പരിപൂർണ്ണ പുരുഷാർത്ഥം ചെയ്യൂ, എത്രത്തോളം സാധിക്കുമോ അത്രയും ശ്രദ്ധ ഓർമ്മയിലും പഠിപ്പിലും നൽകു.**

**ചോദ്യം:-** നിങ്ങൾ കുട്ടികൾ വളരെ വലിയ വ്യാപാരികളാണ്, നിങ്ങൾ എപ്പോളും വളരെ ശ്രദ്ധയോടെ ചിന്തിക്കേണ്ട് ഏതൊരു കാര്യത്തെക്കുറിച്ചാണ്?

**ഉത്തരം:-** സദാ ലാഭത്തേയും നഷ്ടത്തേയും കുറിച്ച് ചിന്തിക്കൂ. അഥവാ ഇതിനെക്കുറിച്ച് ചിന്തിച്ചില്ലെങ്കിൽ പ്രജകളോടൊപ്പം ദാസ ദാസിയായിത്തീരും. ബാബ 21 ജന്മങ്ങളിലേയ്ക്കുള്ള രാജ്യഭാഗ്യം നൽകുകയാണ് അത് നഷ്ടപ്പെടുത്തും അതിനാൽ ബാബയുമായി മുഴുവൻ വ്യാപാരവും നടത്തൂ. ബാബ ദാതാവാണ്, നിങ്ങൾ കുട്ടികൾ സുധാമാവിനെപ്പോലെ ഒരു പിടി അവിൽ കൊടുത്ത് വിശ്വത്തിന്റെ ചക്രവർത്തീ പദം നേടുന്നു.

**ഓം ശാന്തി**. കുട്ടികൾ ഇവിടെ ഇരിക്കുകയാണ്. ഇത് വിദ്യാലയമാണ്. ഇത് ഒരു സത്സംഗമല്ല. മഠാധിപതിയോ ബ്രാഹ്മണനോ സന്യാസിയോ ഒന്നും മുന്നിൽ ഇരിക്കുന്നില്ല. സ്വാമി കോപിച്ചാലോ എന്ന പേടി ഒട്ടുമില്ല. ഭക്തിമാർഗ്ഗത്തിൽ ഏതെങ്കിലും സന്യാസിവര്യനെ വീട്ടിലേയ്ക്ക് ക്ഷണിച്ചാൽ അവരുടെ പാദങ്ങൾ കഴുകി ആ ജലം കുടിക്കുന്നു, ഇവിടെയാണെങ്കിൽ അച്ഛനല്ലേ. വീട്ടിൽ കുട്ടികൾ എപ്പോഴെങ്കിലും അച്ഛനെ പേടിക്കുമോ. നിങ്ങൾ കൂടെ കഴിക്കുകയും കുടിക്കുകയും കളിക്കുകയും ചെയ്യുന്നു. സന്യാസി അഥവാ ഗുരുവിന്റെ കൂടെ ഇങ്ങനെ ചെയ്യുമോ? അവിടെയാണെങ്കിൽ മുഴുവൻ ദിവസവും ഗുരുജീ, ഗുരുജീ എന്ന് പറഞ്ഞുകൊണ്ടിരിക്കും. ഇവിടെ അങ്ങനെ ചെയ്യേണ്ടതില്ല. ഇത് അച്ഛനാണ്. ഗുരുവിൽ നിന്നും വേറെ സമ്പത്ത് ടീച്ചറിൽ നിന്ന് വേറെ സമ്പത്ത് ലഭിക്കുന്നു. അച്ഛനിൽ നിന്ന് സ്വത്താണ് ലഭിക്കുന്നത്. കുട്ടി ജനിച്ചു ഉടനെ അനന്തരാവകാശിയായി മാറി. ഇവിടെയും ബാബയുടെ കുട്ടിയായി മാറി, അച്ഛനെ മനസ്സിലാക്കി, മതി നമ്മൾ സ്വർഗ്ഗത്തിന്റെ അധികാരിയായി മാറി. കാരണം ബാബയാണ് സ്വർഗത്തിന്റെ രചയിതാവ്. ഈ ലക്ഷ്മീ നാരായണന്മാർ സ്വർഗ്ഗത്തിന്റെ സമ്പത്ത് എവിടെനിന്ന് എങ്ങനെ നേടി ഇത് ആർക്കും അറിയില്ല. നിങ്ങൾക്കറിയാം നമ്മൾ ഇതായിരുന്നു വീണ്ടും അതുപോലെയാവുകയാണ്. മനുഷ്യരാണെങ്കിൽ തീർത്തും ചിന്തിക്കുന്നേയില്ല ഇത് ആരാണ്, ആരെയാണ് നമ്മൾ പൂജിക്കുന്നതെന്ന്. ശിവക്ഷേത്രത്തിൽ ചെന്ന് അഭിഷേകം ചെയ്ത് തിരിച്ച് വരുന്നു, ഒന്നും അറിയുന്നില്ല. നിങ്ങൾക്ക് ഇപ്പോൾ ഫീലിംഗ് വരുന്നുണ്ട് നമ്മൾ ഈ മൃത്യുലോകത്തിലെ ശരീരം ഉപേക്ഷിച്ച് അമരലോകത്തിലേയ്ക്ക് പോകും. എത്ര വലിയ പ്രാപ്തിയാണ്. ഭക്തിമാർഗ്ഗത്തിൽ പ്രാപ്തി ഒന്നും തന്നെയില്ല. ബാബ സ്വയം പറയാറുണ്ട് എനിക്ക് 12 ഗുരുക്കന്മാരുണ്ടായിരുന്നു. ഇപ്പോൾ മനസ്സിലാക്കുന്നുണ്ട് ഇതിലൂടെ സമയം വ്യർത്ഥമായി പിന്നെയും താഴേയ്ക്കുതന്നെ വീണു. പക്ഷേ ഡ്രാമയിൽ ഇതും ഉള്ളതാണ്. നമ്മുക്ക് ആരുമായും ശത്രുതയില്ല. നമ്മുടെ പ്രീതി ഒരു ബാബയുമായാണ്. നിങ്ങൾ എപ്പോൾ ക്ലാസിനുള്ളിലേയ്ക്കു വരുന്നുവോ അപ്പോൾ ഈ ചിത്രങ്ങൾ കണ്ട് നിങ്ങൾ സന്തോഷിക്കണം നമ്മൾ പഠിച്ച് ഇതായി മാറുകയാണ്. ഈ രാജധാനി എങ്ങനെയാണ് സ്ഥാപിതമാകുന്നത് എന്ന് നിങ്ങൾക്ക് അറിയാം. ബാബ പറയുന്നു കുട്ടികളേ വാടരുത്. ബാബ എത്ര നല്ലരീതിയിലാണ് മനസ്സിലാക്കിത്തരുന്നത് എന്നിട്ടും ചിലർ ആശ്ചര്യപ്പെടുത്തിക്കൊണ്ട് കേൾക്കുകയും പറയുകയും അവസാനം ഉപേക്ഷിച്ച് പോവുകയും ചെയ്യുന്നു. മായയുടേതായി മാറുന്നു, അവരെയാണ് പറയുന്നത് കുലദ്രോഹി, ഒരു രാജധാനിയിൽ നിന്നും പോയി അടുത്ത രാജധാനിയിലേതായി മാറുന്നു. ബാബ എത്ര നല്ലരീതിയിലാണ് പുരുഷാർത്ഥം ചെയ്യിപ്പിക്കുന്നത്. ഭക്തിമാർഗ്ഗത്തിൽ എത്ര അലഞ്ഞിരുന്നു. ദാന-പുണ്യം, തീർത്ഥാടനം, വൃതാനുഷ്ഠാനം എന്നിവ ചെയ്തിരുന്നു. നല്ല സാക്ഷാത്ക്കാരങ്ങളുണ്ടായി എന്നിട്ട് എന്ത് സംഭവിച്ചു. ഉയരുന്ന കലയുണ്ടായില്ല കൂടുതൽ താഴേയ്ക്കിറങ്ങിവന്നു. നിങ്ങൾക്ക് ദിനംപ്രതിദിനം ഉയരുന്ന കലയാണ്. ബാക്കിയെല്ലാവരുടേതും ഇറങ്ങുന്ന കലയാണ്. ഗുരുക്കന്മാർ പറയാറുണ്ട് ജ്ഞാനം ബ്രഹ്മാവിന്റെ പകലാണ്, ഭക്തി ബ്രഹ്മാവിന്റെ രാത്രിയാണ്. ജ്ഞാനവും ഭക്തിയും തമ്മിൽ രാത്രിയുടേയും പകലിന്റേയും വ്യത്യാസമുണ്ട്. ജ്ഞാനത്തിലൂടെയാണ് സുഖം ലഭിക്കുന്നത്, ബാബ എത്ര സഹജമായാണ് മനസ്സിലാക്കിത്തരുന്നത് നിങ്ങൾ തന്നെയായിരുന്നു വിശ്വത്തിന്റെ അധികാരികൾ പിന്നീട് നിങ്ങൾ തന്നെയാണ് താഴെ ഇറങ്ങി വന്നത്. ഇപ്പോൾ ബാബ പറയുന്നു സ്വയം ആത്മാവാണെന്നു മനസ്സിലാക്കുക മാത്രം ചെയ്യൂ. ആത്മാവ് അവിനാശിയാണ്. ആത്മാവ് പറയുന്നു അല്ലയോ അവിനാശിയായ പിതാവേ വന്ന് ഞങ്ങളെ പാവനമാക്കി മാറ്റൂ, ഇതിൽ മുക്തി ജീവന്മുക്തി എല്ലാം വരും. നിങ്ങൾ ഇപ്പോൾ മനസ്സിലാക്കുന്നുണ്ട് ഭക്തിയിൽ നമ്മുക്ക് ഒന്നും അറിയില്ലായിരുന്നു. തിരഞ്ഞുകൊണ്ടിരുന്നു. അല്ലയോ ഭഗവാനേ ദയകാണിക്കൂ എന്ന് പാടിക്കൊണ്ടിരുന്നു. ഭഗവാനേ എന്ന് വിളിക്കുമ്പോൾ

അത്രയും സുഖമില്ല, സമ്പത്തിന്റെ ഓർമ്മവരില്ല. നിങ്ങൾ പറയും ഉയർന്നതിലും ഉയർന്ന ശിവബാബ അപ്പോൾ സമ്പത്തും പെട്ടെന്ന് ഓർമ്മവരും. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നുണ്ട് ഇത് രാവണ രാജ്യമാണ്. രാമരാജ്യമുണ്ടാകുന്നത് സത്യയുഗത്തിലാണ്. ഇപ്പോൾ കലിയുഗമാണ്. സത്യയുഗത്തിൽ വളരെ കുറച്ച് മനുഷ്യരേ ഉണ്ടാകൂ. ഒരേ ഒരു ആദിസനാതന ധർമ്മമായിരുന്നു. സുഖവും ശാന്തിയും ഉണ്ടായിരുന്നു. ഇവിടെയാണെങ്കിൽ മനുഷ്യർ ശാന്തിയ്ക്കുവേണ്ടി അലയുന്നു. സമ്മേളനങ്ങളിൽ എത്ര രൂപയാണ് ചിലവ് ചെയ്യുന്നത്. അവർക്ക് നിങ്ങൾ എഴുതണം ശാന്തിയുടെ സാഗരം, പവിത്രതയുടെ സാഗരം, സമ്പത്തിന്റേയും സാഗരം ഭഗവാനാണ്. എല്ലാം അവരിൽ നിന്നാണ് ലഭിക്കുന്നത്.

ഇപ്പോൾ നിങ്ങൾക്ക് അറിയാം സത്യയുഗത്തിൽ നമ്മൾ വലിയ ധനവാനായിരുന്നു. വിശ്വത്തിൽ ശാന്തിയുണ്ടായിരുന്നത് അവിടെയാണ്. ബാക്കി ആത്മാക്കൾക്ക് ശാന്തിയുണ്ടാകുന്നത് വീട്ടിൽ പരമധാമത്തിലാണ്. വിശ്വത്തിൽ നമ്മൾ മാത്രമായിരുന്നു അതിനാൽ സുഖം ശാന്തി എല്ലാമുണ്ടായിരുന്നു. അതിനാൽ കുട്ടികൾക്ക് വളരെ സന്തോഷം ഉണ്ടാകണം. പക്ഷേ സ്വർഗ്ഗത്തെക്കുറിച്ച് ശാസ്ത്രങ്ങളിൽ എന്തെല്ലാമാണ് എഴുതിയിരിക്കുന്നത്. ഇപ്പോൾ ബാബ പറയുന്നു ഞാൻ നിങ്ങൾക്ക് ഇത്രയും മനസ്സിലാക്കിത്തരുകയാണ് നിങ്ങൾക്ക് ഒരു ചോദ്യവും ചോദിക്കേണ്ട ആവശ്യം പോലുമുണ്ടാകില്ല. ആദ്യം എന്നെമാത്രം ഓർമ്മിക്കൂ. നിങ്ങൾ വിളിക്കുന്നുണ്ട് പതിതരെ പാവനമാക്കി മാറ്റൂ അർത്ഥം പഴയലോകത്തെ പുതിയതാക്കൂ എന്ന് പറഞ്ഞ്. പക്ഷേ അർത്ഥം ഒന്നും അറിയുന്നില്ല. നൂല് കെട്ടുപെട്ടിരിക്കുകയാണ്. ഇപ്പോൾ ശരിയാക്കേണ്ടിവരും. ഭക്തിയിൽ എത്ര ചിത്രങ്ങളാണ് ഉണ്ടാക്കിയിരിക്കുന്നത്, കൃഷ്ണന് ചക്രം നൽകിയിരിക്കുന്നു, അതുകൊണ്ട് അകാസുരനേയും ഭഗാസുരനേയും വധിച്ചു. കൃഷ്ണൻ അതിന് ഹിംസകനായിരുന്നോ? പിന്നീട് പറയുന്നു ഇന്നയാളെ തട്ടിക്കൊണ്ടുപോയി. ഡബിൾ ഹിംസകനാക്കി മാറ്റി. അത്ഭുതമല്ലേ, ആരാണോ ശാസ്ത്രം ഉണ്ടാക്കിയത് അവരുടെ ബുദ്ധി അത്ഭുതം തന്നെ. പിന്നീട് അവരെ പറയുന്നു വ്യാസഭഗവാൻ. ഇപ്പോൾ ബാബ പറയുന്നു എന്നെ ഓർമ്മിക്കൂ ദൈവീക ഗുണങ്ങളെ ധാരണ ചെയ്യൂ. മറ്റൊരു കാര്യവുമില്ല. നിങ്ങളെ യോഗത്തിൽ ഇരുത്തിയിരിക്കുകയാണ് എന്തെന്നാൽ ബാബയെ ഓർമ്മിക്കാത്തവർ ഒരുപാടുപേരുണ്ട്. തന്റെ ജോലികളിൽ മുഴുകിക്കഴിയുന്നു. അവർക്ക് സമയമേയില്ല. പക്ഷേ ഇവിടെ ജോലികൾ ചെയ്തുകൊണ്ടും ബുദ്ധികൊണ്ട് ഓർമ്മിക്കണം. പ്രിയതമനായ എന്റെ പ്രിയതമകളാണ് നിങ്ങൾ. ഇപ്പോൾ ഞാൻ നിങ്ങളോട് പറയുകയാണ് മറ്റെല്ലാ സംഗത്തേയും ഉപേക്ഷിച്ച് എന്നോട് സംഗം വെയ്ക്കൂ. കഴിക്കുമ്പോഴും കുടിക്കുമ്പോഴും ഈ ശീലമുണ്ടാക്കൂ അതായത് ഞാൻ ആത്മാവാണ് ബാബയെ ഓർമ്മിക്കണം. ബാബ നിങ്ങളെ എത്ര ശ്രേഷ്ഠമാക്കി മാറ്റുന്നു, നിങ്ങൾ ഈ ചെറിയ കാര്യം പോലും ചെയ്യുന്നില്ല, എന്നെ ഓർമ്മിക്കുന്നില്ല. നിങ്ങളുടെ കുട്ടികളേയും മക്കളേയും ഓർമ്മിക്കുന്നു എന്നെ ഓർമ്മിക്കാൻ സാധിക്കില്ലേ. വാസ്തവത്തിൽ നിഷ്ഠ എന്ന പദം തെറ്റാണ്. ബാബ നേരിട്ട് വന്ന് പറയുകയാണ് എന്നെ മാത്രം ഓർമ്മിക്കൂ. കല്പം മുമ്പും സന്മുഖത്ത് ബാബ മനസ്സിലാക്കിത്തന്നിരുന്നു. ഇപ്പോൾ മനസ്സിലാക്കിത്തരുകയാണ് മധുര മധുരമായ കുട്ടികളേ കല്പത്തിനുശേഷം തിരികെ ലഭിച്ച ഓമന മക്കളേ.... ഇപ്പോൾ നിങ്ങളുടെ 84 ജന്മം പൂർത്തിയായിരിക്കുന്നു. ഇപ്പോൾ തിരിച്ച് പോകുന്നതിനായി നിങ്ങൾക്ക് തീർച്ചയായും പവിത്രമായി മാറണം. വികാരത്തിലേയ്ക്ക് പോകുന്നതിനാലാണ് നിങ്ങൾ കൂടുതൽ പതിതമായി മാറിയത്. പാവനമായി മാറുന്നില്ലെങ്കിൽ കുറഞ്ഞ പദവിയേ ലഭിക്കൂ. സ്വയം ആത്മാവാണെന്നു മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ ഒപ്പം 84–ന്റെ ചക്രത്തേയും ഓർമ്മിക്കൂ, ഇതുതന്നെയാണ് സ്വദർശന ചക്രം. ഇതിന്റെ അർത്ഥവും ആർക്കും അറിയില്ല. മുഖത്തിലൂടെ ജ്ഞാനത്തിന്റെ ശംഖുമുഴക്കണം. ഇതെല്ലാം ജ്ഞാനത്തിന്റെ കാര്യമാണ്. ഇത് നിങ്ങളുടെ പരിധിയില്ലാത്ത അച്ഛനാണ്, സ്വർഗ്ഗത്തിന്റെ രചയിതാവാണ്, ബാബയെ ഓർമ്മിക്കൂ എങ്കിൽ നിങ്ങളുടെ ഉയരുന്ന കലയുണ്ടാകും. എത്ര സഹജമായ കാര്യമാണ്.

നിങ്ങൾ കുട്ടികൾ ഇപ്പോൾ മനസ്സിലാക്കുന്നുണ്ട് ഇത് ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ ഡ്രാമയാണ്. ഓരോ 5000 വർഷങ്ങൾക്ക് ശേഷവും ബാബ വരുന്നു. ഇപ്പോൾ നല്ലരീതിയിൽ പുരുഷാർത്ഥം ചെയ്യൂ. നിങ്ങൾ പണത്തിന്റെ പിന്നാലെ എന്തിനാണ് പോകുന്നത്. മാസത്തിൽ ഒന്നോ രണ്ടോ ലക്ഷം വരെ സമ്പാദിക്കുമായിരിക്കും എങ്കിലും ഇതെല്ലാം നശിക്കാനുള്ളതാണ്. കഴിക്കാൻ കുട്ടികളും പേരക്കുട്ടികളുമൊന്നുമുണ്ടാകില്ല. മക്കളും പേരമക്കളും അവരുടെ കുട്ടികളും കഴിക്കും എന്ന ലോപമുണ്ട്. ശ്രേഷ്ഠ കുലത്തിൽ എല്ലാവരും പുനർജന്മമെടുക്കും എന്ന് ചിന്തിക്കുന്നില്ല. എവിടെയെല്ലാം ചെന്ന് പുനർജന്മം എടുക്കും എന്നറിയില്ല. നിങ്ങളാണെങ്കിൽ 21 ജന്മത്തേയ്ക്കുള്ള സമ്പത്താണ് നേടുന്നത്. അഥവാ കുറച്ച് പുരുഷാർത്ഥം ചെയ്യുകയാണെങ്കിൽ പ്രജയിൽ ചെന്ന് ദാസ ദാസിയാകും എങ്കിൽ എത്ര നഷ്ടമായി. അതിനാൽ നഷ്ടത്തിന്റേയും ലാഭത്തിന്റേയും ചിന്തയുണ്ടാകണം. വ്യാപാരികൾ പാപം ചെയ്യും ഒപ്പം എന്തെങ്കിലും ദാന ധർമ്മങ്ങളും ചെയ്യും. ഇത് അവിനാശിയായ ജ്ഞാനരത്നങ്ങളുടെ വ്യാപാരമാണ്, ഇത് വിരളം ചിലരേ ചെയ്യൂ. ഈ കച്ചവടം നേരിട്ട് ബാബയുമായി ചെയ്യണം. ബാബ നൽകുന്നത് ജ്ഞാന രത്നങ്ങളാണ്.

ബാബ ദാതാവാണ്. കുട്ടികൾ ഒരു പിടി അവിൽ നൽകുന്നു ബാബ നൽകുന്നതോ പരിധിയില്ലാത്ത ചക്രവർത്തീ പദവിയും. ഒരു പിടി അവിൽ അതിന് പകരമായോ. നിങ്ങൾ എല്ലാവരും സുധാമകളാണ്. എന്താണ് കൊടുക്കുന്നത് പകരം എന്താണ് നേടുന്നത്? വിശ്വത്തിന്റെ ചക്രവർത്തീപദം നേടി വിശ്വത്തിന്റെ അധികാരിയാകുന്നു. ബുദ്ധി പറയുന്നുണ്ട് ഒരേ ഒരു ഭാരതഖണ്ഡം മാത്രമേ ഉണ്ടാകൂ. പ്രകൃതിയും പുതിയതായിരിക്കും. ആത്മാവും സതോപ്രധാനമായിരിക്കും. സത്യയുഗത്തിൽ നിങ്ങൾ ദേവതകളായിരുന്നപ്പോൾ പവിത്രമായ സ്വർണ്ണമായിരുന്നു. പിന്നീട് ത്രേതയിൽ അല്പം വെള്ളി ആത്മാവിൽ കലരുന്നു, അതിനെയാണ് സിൽവർ ഏജ് എന്ന് പറയുന്നത്. ഏണിപ്പടി താഴേയ്ക്ക് ഇറങ്ങിക്കൊണ്ടിരിക്കും. ഈ സമയത്ത് നിങ്ങൾ വളരെ ഉയർന്നതാണ്. വിരാടരൂപത്തിന്റെ ചിത്രവുമുണ്ട്. അർത്ഥം മനസ്സിലാക്കുന്നില്ലെന്നു മാത്രം. എത്രയധികം ചിത്രങ്ങളാണ്. ചിലർ ക്രിസ്തുവിന്റെ ചിത്രം വെയ്ക്കുകയാണെങ്കിൽ ചിലർ സായിബാബയുടെ ചിത്രം വെയ്ക്കുന്നു. മുസ്ലീങ്ങളേയും ഗുരു എന്ന് പറയുന്നു പിന്നീട് അവിടെച്ചെന്ന് മദ്യത്തിന്റെ സഭകൂടുന്നു. ബാബ പറയുന്നു എത്ര അജ്ഞാന അന്ധകാരമാണ്. ഇതെല്ലാമാണ് ഭക്തിയുടെ അന്ധകാരം. കൂട്ടുകെട്ടിന്റെ കാര്യത്തിൽ വളരെ ശ്രദ്ധിക്കണം. പറയാറുണ്ട് സത്സംഗം ഉയർത്തും കുസംഗം താഴ്ത്തും, കുസംഗം എന്നത് മായയുടെ 5 വികാരങ്ങളാണ്. ഇപ്പോൾ നിങ്ങൾക്ക് സത്യമായ അച്ഛന്റെ സംഗം ലഭിച്ചിരിക്കുന്നു, ഇതിലൂടെയാണ് നിങ്ങൾ ആക്കരെയെത്തുന്നത്. ബാബ മാത്രമാണ് സത്യം പറയുന്നത്. കല്പകല്പം നിങ്ങൾക്ക് സത്യത്തിന്റെ സംഗം ലഭിക്കും പിന്നീട് അരകല്പത്തിനുശേഷം രാവണന്റെ കുസംഗം ലഭിക്കുന്നു. ഇതും മനസ്സിലാക്കുന്നുണ്ട് കല്പം മുമ്പത്തെപ്പോലെ രാജധാനിയുടെ സ്ഥാപന തീർച്ചയായും ഉണ്ടാകും. നിങ്ങൾ തീർച്ചയായും വിശ്വത്തിന്റെ അധികാരിയായി മാറും. ഇവിടെ വേർതിരിവ് ഉള്ളതിനാൽ എത്ര വഴക്കാണ് നടക്കുന്നത്. അവിടെ കേവലം ഒരു ധർമ്മമേ ഉണ്ടാകൂ. വിശ്വത്തിൽ ശാന്തിയുണ്ടായിരുന്നത് ദേവതകളുടെ അദ്വൈത രാജ്യമുണ്ടായിരുന്നപ്പോഴാണ്. ഒരു ധർമ്മമേ ഉണ്ടായിരുന്നുള്ളൂ. അവിടെ അശാന്തി എവിടെ നിന്നു വരാൻ. അത് ഈശ്വരീയ രാജ്യമാണ്. ആത്മീയ ജ്ഞാനത്തിലൂടെ പരമാത്മാവ് രാജധാനി സ്ഥാപിച്ചിട്ടുണ്ടെങ്കിൽ തീർച്ചയായും അതിൽ സുഖം ഉണ്ടാകും. അച്ഛന് കുട്ടികളോട് സ്നേഹമുണ്ടാകുമല്ലോ. ബാബ പറയുന്നു എനിക്ക് അറിയാം നിങ്ങൾ എത്ര ക്ഷീണിതരാകുന്നു. ഭഗവാൻ ഏതെങ്കിലും ഒരു രൂപത്തിൽ വരുമെന്ന് കരുതുന്നു. കാളപ്പുറത്ത് സവാരിചെയ്യുന്നതായും കാണിക്കുന്നു. എപ്പോഴെങ്കിലും കാളപ്പുറത്ത് സഞ്ചരിക്കുമോ? എത്ര ഇരുട്ടാണ്. അതിനാൽ നിങ്ങൾ കുട്ടികൾ എല്ലാവരോടും പറയൂ അതായത് ആത്മാക്കളുടെ അച്ഛൻ എല്ലാവർക്കും സമ്പത്ത് നൽകാൻ വന്നിരിക്കുന്നു, ബ്രഹ്മാവിലൂടെ പുതിയ ലോകത്തിന്റെ സ്ഥാപനയുണ്ടാവുകയാണ്. ബാബ എപ്പോഴും ആൽവൃക്ഷത്തിന്റെ ഉദാഹരണം നൽകുന്നു. അതുപോലെ ഇതിന്റെ ഫൗണ്ടേഷൻ വീണ്ടും സ്ഥാപിക്കുകയാണ് ബാക്കി ഒരു ധർമ്മവും ഉണ്ടാകില്ല. ഭാരതമാണ് അവിനാശി ഖണ്ഡവും അവിനാശീ തീർത്ഥസ്ഥാനവും. ബാബയുടെ ജന്മസ്ഥലമല്ലേ. ബാബ മധുര മധുരമായ കുട്ടികൾക്ക് എത്ര സ്നേഹത്തോടെയാണ് മനസ്സിലാക്കിത്തരുന്നത്. ടീച്ചറുടെ രൂപത്തിൽ പഠിപ്പിക്കുന്നു. നിങ്ങൾ കുട്ടികൾ പഠിച്ച് എന്നെക്കാൾ ഉയരത്തിൽ എത്തുന്നു. ഞാൻ രാജധാനിയിൽ വരുന്നില്ല. നിങ്ങൾ എപ്പോഴെങ്കിലും എന്നെ സ്വർഗ്ഗത്തിലേയ്ക്ക് വരൂ എന്ന് വിളിച്ചിട്ടുണ്ടോ– ഞാനാണ് നിങ്ങളെ സ്വർഗ്ഗത്തിലേയ്ക്ക് അയയ്ക്കുന്നത്. എത്ര രസകരമായ കളിയാണ്. ബാബ പറയുന്നു നല്ലതാണ് കുട്ടികളേ സദാ വിജയിച്ചുകൊണ്ടിരിക്കൂ. ഞാൻ വാനപ്രസ്ഥ അവസ്ഥയിൽ പോയിരിക്കുന്നു.

ബാബ പറയുന്നു ഇപ്പോൾ ആപത്തുകൾ തലയ്ക്കുമീതെ നിൽക്കുകയാണ്, അതിനാൽ പുരുഷോത്തമനായി മാറാനുള്ള ഈ പുരുഷോത്തമ സംഗമയുഗത്തിൽ പരിപൂർണ്ണ പുരുഷാർത്ഥം ചെയ്യണം. ബാബയെ ഓർമ്മിക്കുന്നതിനുള്ള പുരുഷാർത്ഥം ചെയ്തുകൊണ്ടിരുന്നാൽ വികർമ്മം വിനാശമാകും പിന്നെ എത്രത്തോളം പഠിക്കുന്നുവോ അത്രയും ഉയർന്ന കുലത്തിലേയ്ക്ക് പോകും. ബാബ പറയുന്നു കാര്യം തന്റേതാണെങ്കിൽ ലഹരിയുണ്ടാകും. സദാ കുട്ടികൾക്ക് അച്ഛനിൽ നിന്നും സമ്പത്ത് ലഭിക്കും. ബാക്കി കന്യകയെ വിവാഹം കഴിച്ച് അയയ്ക്കും. ഇവിടെയാണെങ്കിൽ മുഴുവൻ ആത്മാക്കൾക്കും സമ്പത്ത് ലഭിക്കുന്നു അതും പരിധിയില്ലാത്തത്. അതിനാൽ ഇതിൽ പൂർണ്ണ ശ്രദ്ധവെയ്ക്കണം. ഭഗവാൻ പഠിപ്പിക്കുകയാണ് അതിനാൽ ഒരു ദിവസം പോലും മിസ്സാക്കരുത്. എനിക്ക് സമയമില്ല എന്ന് ബാബയോട് പറയുമോ. ആത്മാക്കൾക്ക് എന്നിൽ നിന്നും പഠിക്കാൻ സമയമില്ല, ഇത് പറയാൻ ലജ്ജ തോന്നുന്നില്ലേ. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര–മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണക്കുള്ള മുഖ്യ സാരം:-**

1) കൂട്ടുകെട്ടിൽ നിന്ന് വളരെ സുരക്ഷിതരായിരിക്കണം. ഒരു സത്യമായ ബാബയുടെ കൂട്ടുകെട്ടിൽ ഇരിക്കണം. മായയുടെ 5 വികാരങ്ങളുടെ സംഗത്തിൽ നിന്നും വളരെ ദൂരെയിരിക്കണം.

2) പഠിപ്പിൽ പൂർണ്ണ ശ്രദ്ധ നൽകണം. തന്റെ ആനന്ദത്തിൽ കഴിയൂ. സ്വന്തമാണെങ്കിൽ ലഹരി ഉയരും എന്ന് പറയാറുണ്ട്. ഒരു ദിവസം പോലും പഠിപ്പ് മിസ്സ് ചെയ്യരുത്.

## വരദാനം:- സേവനത്തിൽ സ്നേഹത്തിന്റേയും സത്യതയുടേയും അധികാരത്തിന്റെ സന്തുലത്തിലൂടെ സഫലതാമൂർത്തിയായി ഭവിക്കൂ

ഏതുപോലെയാണോ ഈ അസത്യ ഖണ്ഢത്തിൽ ബ്രഹ്മാബാബയെ സത്യതയുടെ അഥോറിറ്റിയുടെ പ്രത്യക്ഷ രൂപത്തിൽ കണ്ടത്. ബ്രഹ്മാബാബയുടെ അധികാരത്തിന്റെ വാക്കുകൾ ഒരിക്കലും അഹങ്കാരത്തിന്റെ ഭാവന നൽകില്ല. അധികാരത്തിന്റെ വാക്കുകളിൽ സ്നേഹം അടങ്ങിയിട്ടുണ്ട്. അധികാരത്തിന്റെ വാക്ക് കേവലം പ്രിയപ്പെട്ടതല്ല പ്രഭാവശാലിയുമായിരിക്കും. അതുകൊണ്ട് ഫോളോ ഫാദർ ചെയ്യൂ- സ്നേഹവും അധികാരവും, വിനയവും മഹാനതയും രണ്ടും ഒപ്പമൊപ്പം കാണപ്പെടണം. വർത്തമാന സമയം സേവനത്തിൽ ഈ സന്തുലനത്തിന് അടിവരയിടൂ എങ്കിൽ സഫലതാ മൂർത്തിയാകും.

## സ്ലോഗൻ:- എന്റേതിനെ നിന്റേതിലേക്ക് പരിവർത്തനം ചെയ്യുക അർത്ഥം ഭാഗ്യത്തിന്റെ അധികാരം നേടുക.

**അവ്യക്ത സൈലൻസിലൂടെ ഡബിൾ ലൈറ്റ് ഫരിസ്താ സ്ഥിതിയുടെ അനുഭവം ചെയ്യൂ**
ആദ്യം തന്റെ ദേഹത്തിന്റെ മമത്വത്തെ ഇല്ലാതാക്കൂ എങ്കിൽ സംബന്ധത്തിൽ നിന്നും പദാർത്ഥത്തിൽ നിന്നും മമത്വം സ്വതവേ തന്നെ ഇല്ലാതാകും. ഫരിസ്തയാകുന്നതിന് വേണ്ടി ആദ്യം ഈ അഭ്യാസം ചെയ്യൂ അതായത് ഈ ശരീരം സേവാർത്ഥമാണ്, സൂക്ഷിപ്പ് മുതലാണ്, ഞാൻ ട്രസ്റ്റിയാണ്. ശേഷം നോക്കൂ ഫരിസ്തയാകുന്നത് എത്ര സഹജമാണെന്ന്.